ഉത്തരം

(എ) സി-ഡിറ്റിൽ നിലവിൽ 99 സ്ഥിരം ജീവനക്കാരും 197 കരാർ ജീവനക്കാരുമാണ് ഉള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ ടെയിനി വ്യവസ്ഥയിൽ നിയമിച്ചവരുടെ പേരു വിവരം അനുബന്ധം I* ആയും കരാർ വ്യവസ്ഥയിൽ നിയമിച്ചവരുടെ പേരു വിവരം അനുബന്ധം II* ആയും ചേർത്തിരിക്കുന്നു. ഡോക്കറ്റ് വ്യവസ്ഥയിൽ ആരെയും നിയമിച്ചിട്ടില്ല.

പി. ആർ. ഡി. യ്ക്ക് വകയിരുത്തിയ തുക

67 (2898) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ പി.ആർ. ഡി.-യ്ക്ക് വകയിരുത്തിയ തുക എത്രയാണ്;

(ബി) നാളിതുവരെ എന്ത് തുക ചെലവഴിച്ചു;

(സി) സംസ്ഥാന സർക്കാർ പരസ്യങ്ങൾക്ക് ഈ വർഷം ഇതുവരെ ചെലവഴിച്ച തുകയെത്ര;

(ഡി) ചെലവഴിച്ച തുക മുഴുവനും നൽകാൻ കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) 2015-16-ൽ പി.ആർ.ഡി.-യ്ക്ക് 82,98,21,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) നാളിതുവരെ 29,53,16,282 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ പരസ്യങ്ങൾക്ക് ഈ വർഷം ഇതുവരെ 19,85,01,448 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ചെലവഴിച്ച തുക മുഴുവനും നൽകാൻ കഴിഞ്ഞിട്ടുണ്ട്.

വീഡിയോ വാളുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

68 (2899) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിന് വീഡിയോ വാളുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ, പരസ്യങ്ങൾ, ലഘു ചിത്രങ്ങൾ, മറ്റു വിവരങ്ങൾ എന്നിവ ജനങ്ങളിൽ യഥാസമയം എത്തിക്കുകയാണ് ലക്ഷ്യം.

(സി) 2015-16 സാമ്പത്തിക വർഷം 150 ലക്ഷം രൂപ വീഡിയോ വാളിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനോടകം 6 ജില്ലകളിൽ വീഡിയോ വാളുകൾ സ്ഥാപിക്കുകയും രണ്ട് ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ടെലിവിഷൻ ചാനലുകൾക്ക് സെൻസറിംഗ്

69 (2900) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പല സീരിയലുകളും സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെലിവിഷൻ ചാനലുകളിലെ സീരിയലുകളിലെയും പരസ്യങ്ങളിലെയും അശ്ലീല ദൃശ്യങ്ങളും പദപ്രയോഗങ്ങളും നിയന്ത്രിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സെൻസറിംഗ് സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത രംഗത്ത് സെൻസറിംഗ് സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന ചില സീരിയലുകൾ സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നുണ്ടെന്നുള്ള പരാതികൾ വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly